## പതിമൂന്നാം കേരള നിയമ സഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6470. 1.11. 2011-ൽ മറുപടിയ്ക്ക്

### കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനആരോഗ്യ വകുപ്പിന്റെ വികസനപരിപാടികളുടെ ഭാഗമായി കേന്ദ്ര സഹായം ആവശ്യപ്പെട്ട് പ്രോജക്ടുകളോ നിവേദനങ്ങളോ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് താഴെപറയുന്ന പദ്ധതികൾക്ക് കേന്ദ്രസഹായം ലഭിക്കുന്നതിന് പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.<br>1. പി.എം.എസ്.എസ്. വൈ. (തേർഡ് ഫേയ്സ് ) പദ്ധതി പ്രകാരം കോഴിക്കോട് മെഡിക്കൽകോളേജിന്റെ വികസനത്തിനായി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.<br>2. എല്ലാ മെഡിക്കൽകോളേജുകളിലും മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലാബ് ആന്റ് അനിമൽ ഹൗസ് അപ്ഗ്രഡേഷൻ പദ്ധതിക്ക് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.<br>3. കോഴിക്കോട് മെഡിക്കൽകോളേജിൽ നിംഹാൻസിന്റെ വികസനത്തിനായി പദ്ധതി സമർപ്പണത്തിലുണ്ട്.<br>4. ദേശീയ കാൻസർ നിവാരണ പദ്ധതി പ്രകാരം കോഴിക്കോട് മെഡിക്കൽ കോളേജിനും ആലപ്പുഴ മെഡിക്കൽ കോളേജിനും കേന്ദ്ര സഹായം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br>5 ദേശീയ അന്ധതാ നിവാരണ പദ്ധതി പ്രകാരവും വിവിധ പദ്ധതികൾക്ക് അപേക്ഷിച്ചിട്ടുണ്ട്.<br>6. കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ ഫാർമസി സ്ഥാപനങ്ങളുടെ ഉന്നമനത്തിനായി കേന്ദ്ര സഹായം ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്.<br>7. തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് നേഴ്സിംഗ് കോളേജുകളുടെ ഉന്നമനത്തിനായി പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br>8. തൃശ്ശൂർ മെഡിക്കൽ കോളേജിൽ പി.ജി. സീറ്റ് വർദ്ധിപ്പിക്കുന്നതിനായി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. |

2011-12 വർഷത്തെ ആയുഷ് പി.ഐ.പി.(പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ) ൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനായി ഹോമിയോ വകുപ്പ് സമർപ്പിച്ച 920.87 ലക്ഷം രൂപയുടെ പ്രപ്പോസൽ കേന്ദ്രത്തിൽ സമർപ്പിക്കുന്നതിനായി പരിശോധിച്ചു വരുന്നു. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സമർപ്പിച്ച 13507.98 ലക്ഷം രൂപയുടെ പ്രപ്പോസൽ കേന്ദ്ര ആയുഷ് വകുപ്പിൽ ഇതിനകം സമർപ്പിച്ചിട്ടുണ്ട്.

ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും 2011-12 സാമ്പത്തിക വർഷം കേന്ദ്ര പരിഗണനയ്ക്കായി, തിരുവനന്തപുരം ഗവൺമെന്റ് ആയുർവ്വേദ കേളേജിൽ ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിന് (പി.ജി. വിദ്യാർത്ഥികൾക്ക്) 2.5 കോടി രൂപയുടെ പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ നടപ്പിലാക്കാവുന്ന ഒട്ടേറെ പദ്ധതികൾ ഉള്ളതിനാൽ അവ നേടിയെടുക്കുവാൻ സംസ്ഥാനത്ത് പ്രത്യേക സെൽ ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപം നൽകുമോ? | (ബി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ